# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2031 — 13/06/2019-ൽ മറുപടിയ്ക്ക്

## മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി യു. പ്രതിഭ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി ആലപ്പുഴ ജില്ലയിൽ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടപ്പാക്കിയിട്ടുളളത് എന്ന് വിശദമാക്കാമോ? | എ) ആരോഗ്യ ജാഗ്രതയുമായി ബന്ധപ്പെട്ട് ജില്ലയിലെ മെഡിക്കൽ ഓഫീസർമാർക്കും സൂപ്പർവൈസർമാർക്കും 15/02/2019-ന് പരിശീലനം സംഘടിപ്പിച്ചു.<br>വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാതല ഇന്റർ സെക്ടറൽ മീറ്റിംഗ് 01/02/2019, 09/05/2019 എന്നീ തീയതികളിൽ സംഘടിപ്പിച്ചു. ആരോഗ്യ സന്ദേശയാത്ര ജില്ലയിൽ ഉടനീളം 07/02/2019 മുതൽ സംഘടിപ്പിച്ചു. വാർഡ്തല ആരോഗ്യശുചിത്വ കമ്മിറ്റികൾ സംഘടിപ്പിച്ചു. മൈക്രോപ്ലാൻ, ശുചിത്വ മാപ്പ് എന്നിവ തയ്യാറാക്കി. ആശാ, ആരോഗ്യസേനാ പ്രവർത്തകർക്ക് പരിശീലനം നൽകി. ജില്ലയിൽ പകർച്ച-വ്യാധികൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി. ജില്ലയിലെ സ്വകാര്യ ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിവിധ രോഗങ്ങളുടെ ചികിത്സാ മാർഗ്ഗരേഖ വിതരണം ചെയ്തു. കൊതുകിന്റെ ഉറവിട നശീകരണ പരിപാടി ജില്ലയിൽ 05/04/2019 മുതൽ 10/04/2019 വരെ വീടുകൾ, സ്ഥാപനങ്ങൾ, ഓഫീസുകൾ, കെട്ടിട നിർമ്മാണ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു. സുരക്ഷിത കുടിവെള്ള കാമ്പയിൻ 26/04/2019, 27/04/2019 എന്നീ തീയതികളിൽ ജില്ലയിൽ നടത്തി. കിണറുകളുടെ ക്ലോറിനേഷൻ, കുടിവെള്ള സ്രോതസ്സുകളുടെ പരിശോധന, വെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികൾ, ഹോട്ടലുകൾ, ബേക്കറികൾ, കൂൾ ബാറുകൾ, വെള്ളം ശേഖരിച്ച് വയ്ക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പരിശോധന. ബോധവത്ക്കരണ ക്ലാസ്സുകൾ തുടങ്ങിയവ |

സംഘടിപ്പിച്ചു.

ജില്ലയിലെ 72 പഞ്ചായത്തുകളിലും 6 മുനിസിപ്പാലിറ്റികളിലും ഊർജ്ജിത ശുചീകരണ യജ്ഞം 11/05/2019, 12/05/2019 എന്നീ തീയതികളിൽ നടത്തി.

29/05/2019-ൽ അതിഥി സംസ്ഥാനക്കാരായ തൊഴിലാളികളെ താമസിപ്പിക്കുന്ന സ്ഥലങ്ങളിലും തൊഴിലിടങ്ങളിലും ഇത്തരം തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും പകർച്ചവ്യാധി നിയന്ത്രണത്തിനും വേണ്ടി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെയും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെയും സംയുക്ത ആഭിമുഖ്യത്തിൽ പരിശോധന നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി.

ജലത്തിലൂടെയും ഭക്ഷണത്തിലൂടെയും പകരുന്ന രോഗങ്ങൾ, ഭക്ഷ്യ വിഷബാധ എന്നിവ നിയന്ത്രിക്കുന്നതിനായി 25/05/2019-ൽ ജില്ലയിലെ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ടീ ഷോപ്പുകൾ, കാറ്ററിംഗ് സെന്ററുകൾ, കൂൾ ബാറുകൾ, സോഡാ നിർമ്മാണ യൂണിറ്റുകൾ, ഐസ് ഫാക്ടറികൾ, ഹോസ്റ്റലുകളുടെ മെസ്, ഭക്ഷണം പാചകം/വിതരണം ചെയ്യുന്ന മറ്റു സ്ഥാപനങ്ങൾ, സ്കൂളുകളുടെ അടുക്കള എന്നീ സ്ഥലങ്ങളിൽ പരിശോധന നടത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ 28/05/2019-ന് പഞ്ചായത്ത് പ്രസിഡന്റുമാരുടേയും ആരോഗ്യ സ്ഥിര സമിതി അദ്ധ്യക്ഷൻമാരുടെയും യോഗം ചേർന്ന് പഞ്ചായത്ത് തല രൂപ രേഖ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചു.

ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ കുടിവെള്ള സ്രോതസ്സുകൾ ക്ലോറിനേഷൻ നടത്തുകയും തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ ഉപയോഗിക്കാവൂ എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് എലിപ്പനി പ്രതിരോധ മരുന്ന് ആഴ്ചയിലൊരിക്കൽ നൽകുകയും മലിനജലവുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നവർ, കർഷകർ തുടങ്ങിയവർ

ജോലിക്ക് ശേഷം കൈകാലുകൾ സോപ്പുപയോഗിച്ച് കഴുകുകയും പനി വന്നാൽ സ്വയം ചികിത്സ നടത്താതെ ഉടനെ ഡോക്ടറുടെ സേവനം തേടേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊതുകുജന്യ രോഗങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. "ഈഡിസേ വിട " എന്ന പേരിൽ ഡെങ്കിപ്പനിയ്ക്ക് എതിരെയുള്ള ഉറവിട നശീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം, വെള്ളിയാഴ്ച – സ്കൂളുകൾ, ശനിയാഴ്ച – ആഫീസുകൾ, ഞായറാഴ്ച – വീടുകൾ എന്ന രീതിയിൽ ശക്തമാക്കി.

മലേറിയ കേസുകൾ കണ്ടെത്തുന്നതിനുള്ള സ്ലൈഡ്, ലാൻസെറ്റ് എന്നിവ എല്ലാ സ്ഥാപനങ്ങൾക്കും നൽകുകയും പനിയുള്ളവരുടെ പ്രത്യേകിച്ച് അതിഥി തൊഴിലാളികളുടെയും മറ്റ് സംസ്ഥാനങ്ങളിൽ പോയിട്ട് വന്നവരുടെയും രക്തസാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്താൽ ഫോഗിംഗ്, സ്പ്രേയിംഗ് ചെയ്യുന്നതിനാവശ്യമായ കെമിക്കൽസ് ശേഖരിച്ചിട്ടുണ്ട്. Indoor Space Spray ചെയ്യുന്നതിനാവശ്യമായ സാമഗ്രികൾ, ഡെങ്കിപ്പനി ബാധിച്ച വ്യക്തികൾക്ക് നൽകുന്നതിനാവശ്യമായ കൊതുകുവല, Mosquito repellent cream എന്നിവ ആരോഗ്യ സ്ഥാപനങ്ങളിൽ നൽകിയിട്ടുണ്ട്. വലിയ ആശുപത്രികളിലെ പനി വാർഡുകൾ, കൊതുക് കടക്കാത്ത രീതിയിൽ ആക്കുകയും മറ്റ് കൊതുക് നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാ സ്ഥാപനങ്ങളിലും Rapid Response Team രൂപീകരിച്ചു. ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ, മറ്റ് ചികിത്സാ സൗകര്യങ്ങൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ആവശ്യമായ പരിശീലനവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

ശരിയായ ആരോഗ്യശീലങ്ങൾ പാലിച്ച് പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന് ആവശ്യമായ സന്ദേശങ്ങൾ യഥാസമയം

ജനങ്ങളിൽ എത്തിക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ, ബോധവത്ക്കരണ ക്ലാസ്സുകൾ, ഗ്രൂപ്പ് ചർച്ചകൾ, ലഘുലേഖ വിതരണം, പോസ്റ്ററുകൾ, ബാനറുകൾ, എഫ്.എം. റേഡിയോ, പത്രവാർത്തകൾ, സാമൂഹ്യമാധ്യമം എന്നിവ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**